**പതിനാലാം കേരളനിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 61** | **28.11.2018-ൽ മറുപടിക്ക്**

## പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.ടി.എ.അഹമ്മദ് കബീർ**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.ടി. വി. ഇബ്രാഹിം**
**,, പി.ഉബൈദുള്ള**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യ നഗരകേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

(ബി) പുനർ നിർമ്മാണത്തിനായി ഏതെല്ലാം വിധത്തിൽ ധനസമാഹരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

(ബി) സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**